KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

150 YEARS OF CELEBRATING THE MAHATMA

റഫ.നമ്പർ: 3025/Plg തിയ്യതി: 27.04.2021

## സർക്കുലർ നമ്പർ 35/2021 (BD)

വിഷയം: അപ്രൈസറുടെ കുടുംബാംഗങ്ങൾക്ക് (ഭാര്യ /ഭർത്താവ്, മക്കൾ) അപ്രൈസർ സേവനമനുഷ്ഠിക്കുന്ന ശാഖയിൽ നിന്ന് തന്നെ, സ്വർണ്ണപ്പണയ വായ്പ നൽകുന്ന രീതി നിർത്തലാക്കുന്നത് സംബന്ധിച്ച്.

സൂചന :
1. സർക്കുലർ 65/2008 തിയ്യതി 23.06.2008
2. Note to GM(F)/MD തിയ്യതി 16.04.2021

** ** **

സൂചന സർക്കുലർ പ്രകാരം, അപ്രൈസർമാർക്ക് അവർ സേവനമനുഷ്ഠിക്കുന്ന ശാഖയിൽ നിന്ന് തന്നെ സ്വർണ്ണപ്പണയ വായ്പ അനുവദിക്കുവാൻ പാടില്ല എന്ന നിബന്ധന നടപ്പിലാക്കിയിരുന്നു. വായ്പയ്ക്ക് ഈടായി നൽകുന്ന ആഭരണങ്ങളുടെ തൂക്കം, പരിശുദ്ധി എന്നിവയുടെ കാര്യത്തിൽ ഏതെങ്കിലും തരത്തിലുമുള്ള സ്വാധീനം ഉണ്ടാകുന്നതിനുള്ള സാധ്യത ഒരു ധനകാര്യ സ്ഥാപനത്തിനെ സംബന്ധിച്ച് ഭൂഷണമല്ല എന്നതു കൊണ്ടാണ് ഇത്തരത്തിൽ ഒരു നിബന്ധന നടപ്പിൽ വരുത്തിയത്. എങ്കിലും അപ്രൈസറുടെ അടുത്ത ബന്ധുക്കൾക്ക് (ഭാര്യ / ഭർത്താവ്, മക്കൾ) അപ്രൈസർ സേവനമനുഷ്ഠിക്കുന്ന ശാഖയിൽ നിന്നു തന്നെ സ്വർണ്ണപ്പണയ വായ്പയെടുക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിരുന്നില്ല. എന്നാൽ നമ്മുടെ ആഭ്യന്തര പരിശോധന വിഭാഗത്തിലെ പല ടീം അംഗങ്ങളും, ഇത്തരത്തിൽ വായ്പ അനുവദിക്കുന്നത് പുന:പരിശോധിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുകയുണ്ടായി. അവരുടെ നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ചതിന്റെ വെളിച്ചത്തിൽ, അപ്രൈസറുടെ അടുത്ത ബന്ധുക്കളായ ഭാര്യ /ഭർത്താവ്, മക്കൾ എന്നിവർക്ക് അപ്രൈസർ സേവനം അനുഷ്ഠിക്കുന്ന ശാഖയിൽ നിന്നു തന്നെ സ്വർണ്ണപ്പണയ വായ്പ അനുവദിക്കേണ്ടതില്ല എന്ന് മേൽ സൂചന (2) പ്രകാരം തീരുമാനിക്കുകയുണ്ടായി.

ആയതിനാൽ **ഇനി മുതൽ, അപ്രൈസർ സേവനമനുഷ്ഠിക്കുന്ന ശാഖയിൽ, അപ്രൈസർക്കും അപ്രൈസറുടെ അടുത്ത കുടുംബാംഗങ്ങൾക്കും ( ഭാര്യ / ഭർത്താവ്, മക്കൾ) സ്വർണ്ണപ്പണയ വായ്പ അനുവദിക്കുവാൻ പാടില്ല എന്ന രീതിയിൽ നിബന്ധനകളിൽ മാറ്റം വരുത്തിയിരിക്കുന്നു.** നിലവിൽ ഇത്തരത്തിൽ അപ്രൈസറുടെ ഏറ്റവും അടുത്ത ബന്ധുക്കളുടെ പേരിൽ അനുവദിച്ചിട്ടുള്ള സ്വർണ്ണപ്പണയ വായ്പകൾ അവയുടെ കാലാവധി കഴിയുമ്പോൾ പുതുക്കി വെയ്ക്കാൻ അനുവദിക്കേണ്ടതില്ല. എന്നാൽ മറ്റു ശാഖകളിൽ നിന്നും ഇവർക്ക് സ്വർണ്ണപ്പണയ വായ്പ അനുവദിക്കാവുന്നതാണ്.

**കെ.എസ്.എഫ്.ഇ. യ്ക്കു വേണ്ടി**

**സുബ്രഹ്മണ്യൻ വി.പി.**
**മാനേജിംഗ് ഡയറക്ടർ**

To: **എല്ലാ ശാഖാ തലവൻമാർക്കും**

പകർപ്പ്:

| | | | |
|---|---|---|---|
| i. | എല്ലാ മേഖല ഓഫീസുകൾക്കും : | iv | എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും |
| ii. | ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും | v | എം.ഡി. യുടെ പി.എ. |
| iii. | എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും | vi | സർക്കുലർ ഫയൽ |